# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3665, 23/08/2017-ൽ മറുപടിക്ക്

### ഡെപ്യൂട്ടേഷൻ നിയമനം നൽകുന്നതിന് നിയന്ത്രണം

| ചോദ്യം<br>ശ്രീ. കെ. എം. ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഉയർന്ന ശമ്പള സ്കെയിൽ ഉള്ളവർക്ക് താഴ്ന്ന തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ? | ഉണ്ട്. 28.11.2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ: 580/2013/ധന-യിലെ ഖണ്ഡിക ii (സി) പ്രകാരം ഉയർന്ന ശമ്പളസ്കെയിൽ ഉള്ളവർക്ക് താഴ്ന്ന തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുവാനാകില്ല. |
| (ബി) | ജില്ല പഞ്ചായത്തുകളിലെ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളിലെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥപ്രകാരമാണ് നടത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | പരിശോധിക്കുന്നതാണ് |
| (സി) | പ്രസ്തുത സർക്കുലർ മൂലം ജില്ല പഞ്ചായത്തുകളിലെ ഗ്രേഡ് II സി.എ തസ്തികകളിലെ ഒഴിവുകളിൽ ആവശ്യമായ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി മേൽപ്പറഞ്ഞ സർക്കുലറിലെ വ്യവസ്ഥകൾ ഇളവു ചെയ്ത് ജില്ല പഞ്ചായത്തുകളിലെ ഗ്രേഡ് II സി.എ തസ്തികകളിലെ നിയമനത്തിന് ഉയർന്ന ഗ്രേഡിലുള്ള സി.എ-മാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ